പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4909 | 5.02.2014 ൽ മറുപടിയ്ക്ക് |
|---|---|
| **പി.ഡബ്ല്യു.ഡി.വി.ആക്ട് - 2005 പരിഷ്കരണം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ഇ. കെ. വിജയൻ** | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി)** |
| (എ) കുടുംബത്തിനുള്ളിൽ സംഭവിക്കുന്ന അക്രമം, വിവേചനം തുടങ്ങിയവയിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനായി 2005-ൽ നിലവിൽ വന്ന ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം പി.ഡബ്ല്യൂ.ഡി.വി. ആക്ട്-2005 കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) & (ബി) പി.ഡബ്ല്യൂ.ഡി.വി.ആക്ട് -2005 ഒരു കേന്ദ്ര നിയമമായതിനാൽ ഇത് പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. |
| (സി) പി.ഡബ്ല്യൂ.ഡി.വി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സേവനദാതാക്കൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വനിതാ കമ്മീഷൻ എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ ;<br><br>(ഡി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) & (ഡി) പി.ഡബ്ല്യൂ.ഡി.വി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സേവനദാതാക്കൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ കേരള നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ശുപാർശകളിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം സർക്കാരിനെയും കേരള വനിതാ കമ്മീഷനെയും അറിയിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**